തലത്തിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എത്തിക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ, ലഘുചിത്രപ്രദർശനങ്ങൾ, ലഘുലേഖവിതരണം എന്നീ പരിപാടികൾ നടത്തുകയും, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ളബുകളിലൂടെയും, എൻ.എസ്.എസ്, എസ്.പി.സി. എന്നിവയിലൂടെയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിനു പുറമേ കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നീ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു.

(ഡി) ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പതിനഞ്ചംഗ ഉദ്യോഗസ്ഥരെ നിയമിച്ച് ജനമൈത്രി എക്സൈസ് എന്ന പേരിൽ ഒരു കർമ്മസേന അട്ടപ്പാടിയിൽ ഇതിനോടകംതന്നെ രൂപീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിവരുന്നു.

സാമൂഹിക സുരക്ഷാ സെസ്

8 (*158) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സെസ്സ് ഏർപ്പെടുത്താനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സെസ്സ് ഏർപ്പെടുത്തുന്നതുമൂലം എന്തെല്ലാം അധിക സൗകര്യങ്ങൾ യാത്രക്കാർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) എന്തെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായി എത്ര വീതം സെസ്സാണ് പിരിക്കുന്നതെന്ന് വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹിക സുരക്ഷാ സെസ്സ് ഏർപ്പെടുത്തുന്നതിലേക്കായി, 15 രൂപ ടിക്കറ്റ് നിരക്ക് മുതൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കുന്നതിന് അനുമതി നൽകി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേക്ക് നോട്ടിഫിക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിച്ചെങ്കിൽ മാത്രമേ ഈ പദ്ധതി നടപ്പാക്കുകയുള്ളൂ. സാമൂഹിക സുരക്ഷാ സെസ്സ് ഏർപ്പെടുത്തുക വഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് എടുത്ത് യാത്ര ചെയ്യുന്ന യാത്രക്കാർക്ക്, യാത്രക്കിടയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾമൂലം ഉണ്ടാകുന്ന ആശുപത്രി ചെലവുകൾ, അടിയന്തര സഹായം എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേക ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും, യാത്രക്കാർക്കായി ബസ് സ്റ്റേഷനുകളിൽ നിലവിലുള്ളതിന് പുറമേ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി മെച്ചപ്പെട്ട ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങളും ക്ലോക്ക് റൂമുകളും സജ്ജീകരിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും വേണ്ടിയാണ് സെസ്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) യാത്രക്കാർക്ക് മെച്ചപ്പെട്ട ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങൾ, ക്ലോക്ക് റൂം തുടങ്ങിയ സൗകര്യങ്ങൾ കൂടാതെ Accidental Death, Accidental Hospitalisation, Accidental Treatment, Hospitalisation Cash Allowance, Baggage Allowance തുടങ്ങിയ വിവിധ തരത്തിലുള്ള ഇൻഷ്വറൻസ് കവറേജുകൾ നൽകുവാനാണ് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു :

ടിക്കറ്റ് നിരക്ക്	സെസ്സ് തുക
24 രൂപ വരെ	...
25 രൂപ മുതൽ 49 രൂപ വരെ	2 രൂപ
50 രൂപ മുതൽ 74 രൂപ വരെ	3 രൂപ
75 രൂപ മുതൽ 99 രൂപ വരെ	4 രൂപ
100 രൂപയും അതിനു മുകളിലും	10 രൂപ

കരുണാ എസ്റ്റേറ്റ് അനധികൃതമായി കൈവശം വച്ചിട്ടുള്ള വനഭൂമി

9 (*159) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കേണ്ട 786 ഏക്കർ വനഭൂമി നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് (ഇപ്പോൾ പോബ്സ് എസ്റ്റേറ്റ്) അനധികൃതമായി കൈവശം വച്ച് വരുന്നതായി സർക്കാരിനറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly